ജി.എൽ.പി. എസ് വെളിനല്ലൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26

# Academic master plan



## Std I

## Maths

## ആമുഖം:

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം ചിന്തയിൽ പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസ്സിൽ നിന്നു തന്നെ ലളിത പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ:-

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
* അഞ്ചുവരെയുള്ള എണ്ണത്തെ പകുതി പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒറ്റസംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
* ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.
* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം
* രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം.
* ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം.
* ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ എണ്ണുന്നു

എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* ഒറ്റ സംഖ്യാപാറ്റേൺ രൂപീകരിക്കൽ
* ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

• ജൂൺ
* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു,
* സംഖ്യാ കാർഡ് നിർമ്മിക്കൽ

• ജൂലൈ
* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ
* വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

• ഓഗസ്റ്റ്
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്തംബർ
* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്നതിരിച്ചറിവ്
* സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ.
* ഒറ്റസംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്.

* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

• നവംബർ
* സംഖ്യാ ഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
* ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

• ഡിസംബർ
* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.
* ഗണിത ആൽബം തയ്യാറാക്കൽ

• ജനുവരി
* ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

• ഫെബ്രുവരി
* ഗണിത ആൽബം പി.ടി. എയിൽ പ്രദർശിപ്പിക്കുന്നു.
* വില വിവരപ്പട്ടിക, പ്രശ്നവിശകലനം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

• മാർച്ച്
* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
* ലളിതമായ ഗണിത കേളികളിൽ ഏർപ്പെടുന്നു.
* ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ.
* സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

അക്കാദമിക

മാസ്റ്റർ പ്ലാൻ

മലയാളം.

## ആമുഖം :-

ഒന്നാം ക്ലാസ്സ് കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കുട്ടി കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ

നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ള-തുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ.

* ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വയം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിന് കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതി-നായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
* തിയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ

ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു.

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

* <u>പ്രവർത്തന ലക്ഷ്യങ്ങൾ.</u>

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

* സർഗ്ഗശേഷികൾ കൈവരിക്കുന്നു.

* പദയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുത്തുന്നു.

* കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

* സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ :-

### പ്രവർത്തനങ്ങൾ :-

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
* ചിത്ര കാർഡുകൾ, വായന കാർഡുകൾ, നിർമ്മാണ ശില്പശാല.
* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ :-

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
* വായന മൂല, ക്ലാസ്സ് ലൈബ്രറി, ഒരുക്കൽ.
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷര പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന

അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ആഗസ്റ്റ്

പ്രവർത്തനങ്ങൾ :-

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണത്തിലുള്ള ശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ധ്വനി എഴുതാൻ തുടങ്ങുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുത്തുന്നു.

## സെപ്റ്റംബർ.

പ്രവർത്തനങ്ങൾ :-

* സംയുക്ത ധ്വനി മെച്ചപ്പെടുത്താൻ അവസരം ഒരുക്കു

* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് കൂടുതൽ അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംഭാഷണശേഷി മെച്ചപ്പെടുത്തുന്നു.
* അനുഭവവായിപ്പിനമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.

ഒക്ടോബർ.

പ്രവർത്തനങ്ങൾ :-

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ.

പ്രവർത്തനങ്ങൾ :-

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി.
  സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
* കൂട്ട വായന, നാട്ടുവായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* വായനോത്സവം തുടങ്ങുന്നു.
* രചനോത്സവം തുടങ്ങുന്നു.
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
* താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ.

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
* ചിത്ര വായന നടത്തുന്നു.
* ചെറിയ വായന കാർഡുകൾ ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു.
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കണം. ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ്സ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ :-

* ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.

* രചന ശേഷി പരിപോഷിപ്പിക്കൽ.

* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.

* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.

* ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കാം.

* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ~~ചോർന്ന്~~ ചോർന്ന് പോകാതെ പറയാനും എഴുതാനും കഴിയുന്നു

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു

* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.

* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി.

### പ്രവർത്തനങ്ങൾ:-

* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കാനുള്ള ലഘു രചന നടത്തുന്നു.
* തിയേറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ. എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വാതന്ത്ര്യമായി വായിക്കുന്നതിനു- ള്ള അവസരം ഒരുക്കുന്നു.
* മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി.

### പ്രവർത്തനങ്ങൾ :-

* ഭാഷോത്സവം രചനോത്സവം എന്നി ഭാഷാ പ്രവർത്തന- ങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വാതന്ത്ര്യമായി വായിക്കുന്നതിനും

* ആശയ പൂർണ്ണതയോടെ തൻസമയ രചനകൾ നടത്തുന്നു
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കണ്ടെത്തുന്ന പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയം രചനകൾ നടത്തുന്നു
* കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

**പ്രവർത്തനങ്ങൾ :-**

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.
*

**വിലയിരുത്തൽ പ്രവർത്തനം.**

* കുട്ടികൾ സ്വതന്ത്ര രചിതാക്കൾ ആയി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർക്കുകളായി മാറ്റിയിട്ടുണ്ട്.
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.

* കുട്ടികളുടെ രചനകൾ ചേർത്ത് കൂട്ടത്തെടുത്ത് പുസ്തകം തയ്യാറാക്കണം.

* മികവുകൾ സമൂഹത്തിനു മുന്നിൽ എത്തിക്കണം.

* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.

* സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.

* സർഗാത്മക ശേഷി വികസനത്തിനുള്ള വഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.

* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.

* എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan. Std I

## English.

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently like malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

* Respond to simple instruction in the classroom.
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy songs and songs them with Rhythm and action.
* Familiarise the names of birds, animals, their young ones and identifies them from pictures.

June.

* Introduce symbol words.
* Provides picture cards.

July.

* Identify familiar words.
* Say familiar words.

* Read familiar words.
* write familiar words.

August.

* Enjoy songs and sings them with Rhythm and action
* Describe orally about pictures and objects using adjectives.

September.

* Read and write simple words and simple sentences-
* Provides picture cards and reading cards

October.

* Introduce symbol picture descriptions.
* Make words chain, sentence chain
* Make riddles.
* Describing words, rhyming words
* Text book. activities.

November.

* prepare reading cards.
* provide more opportunities to read, right and speak English.
* writes five English words daily.

December.

* Read and understand simple instruction in the classroom.

* Encourage digital reading.

January

* Enjoy songs and sings them with Rhythm and action
* Make picture albums.
* Collect pictures of animals and its youngones.

February

* provide the oppertunity to express myself in the classroom.
* English assembly once in a week.

March

* Speak English fluently
* Read and write Simple sentences.
* picture reading and picture description.

## മലയാളം

STD II

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| # ആത്മവിശ്വാസത്തോടെ സ്വന്തം വായനക്ക് അവസരമൊരുക്കുന്നു<br># ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു. | ചെറിയ ചെറിയ വായനകാർഡുകൾ നൽകി കുട്ടിയെ ആത്മവിശ്വാസത്തോടെ വായിക്കാൻ സഹായിക്കുന്നു.<br>കുട്ടിയും രക്ഷിതാവും ചേർന്ന് വായന അരങ്ങൊരുക്കുന്നു.<br>വായിച്ച കഥകളുടെ ആസ്വാദനക്കുറിപ്പുകൾ എഴുതാനും അവ അവതരിപ്പിക്കാനും അവസരമൊരുക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാവ് | |
| സംയുക്ത ഡയറി<br>സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | CPTA യിൽ ഡയറി എഴുത്തിനെ പരിചയപ്പെടുത്തുന്നു. രക്ഷിതാവിന്റെ പിൻതുണ ഉറപ്പാക്കുന്നു | ജൂൺ ആദ്യവാരം | | |

| | | | | |
|---|---|---|---|---|
| സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു | എഴുത്തിലെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. | ജൂലൈ | | |
| സ്വന്തം രചന നടത്തുന്നതിന് ഭാഷാ ശേഷി വികസിപ്പിക്കുന്നതിന് | എല്ലാ ആഴ്ചയും അധ്യാപിക ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.<br>കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പരിചയപ്പെടുത്തുന്നു. | എല്ലാ ആഴ്ചയിലും<br>" | ക്ലാസ് ടീച്ചർ രക്ഷിതാവ്. | |
| പാട്ടരങ്ങ്<br>താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു. | പാട്ടരങ്ങിന്റെ പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ CPTA യിൽ ചർച്ച ചെയ്ത് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. | കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കുന്നു. | എല്ലാ മാസവും. | | |
| സചിത്ര പുസ്തകം/ കുഞ്ഞെഴുത്ത്<br>രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു. കുട്ടികളെ സ്വതന്ത്ര രചനക്കാരും വായനക്കാരുമാക്കുന്നു. | ഒന്നാം ക്ലാസിലെ സചിത്ര പാഠപുസ്തകങ്ങളുടെ അനുഭവങ്ങളിലൂടെ ഇവരുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. സചിത്ര പുസ്തകത്തെ വിലയിരുത്തുന്നു. സചിത്രബുക്കിലെ രചനകൾ ക്ലാസിലവതരിപ്പിക്കുന്നു. | എല്ലാ മാസവും. | ക്ലാസ് ടീച്ചർ രക്ഷിതാവ് | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | [illegible] |
| --- | --- | --- | --- | --- |
| റീഡേഴ്സ് തിയറ്റർ<br>രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരായി മാറുന്നു. | CPTA യിൽ റീഡേഴ്സ് തിയറ്ററിനെ കുറിച്ച് വിവരിക്കുന്നു.<br>പാഠപുസ്തകത്തിൽ നിന്ന് റീഡേഴ്സ് തിയറ്ററിന് അനുയോജ്യമായ ഭാഗങ്ങൾ കണ്ടെത്തിയവതരിപ്പിക്കുന്നു.<br>രക്ഷിതാക്കളുടെ സഹായത്തോടെ ആവശ്യമായ സാമഗ്രികൾ ഉണ്ടാക്കി റീഡേഴ്സ് തിയറ്റർ അവതരിപ്പിക്കുന്നു. | ഒരു മാസവും | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |

ENGLISH

| Aim | Process | Period | Duty | |
|---|---|---|---|---|
| To develop listening Skill | Provide an opportunity to listening various Cartoons, english news, Stories etc | All months | Class tr | |
| To improve Speaking Skills | conduct english assembly<br>self introduction,<br>picture descriptions<br>collect rhyming words<br>Text book activities | All months | Class tr<br>Parents. | |

| | | | | |
|---|---|---|---|---|
| To improve reading skills | Provide an opportunity to read books, english news papers, Stories, reading cards collect and read rhyming words describing words etc | All months. | Class 12 | |
| To improve writing skills | Regular writing<br>Create Story boards.<br>Provide support with spelling and encourage them to use check when needed | | | |

സംഗ്രഹം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത കളികൾ<br>കുട്ടികൾക്ക് ഗണിതകളികളിൽ താത്പര്യമുണ്ടാക്കുന്നു<br>ഗണിത പഠനത്തിൽ താത്പര്യം വളർത്തുന്നു<br>യുക്തി ബോധം വളർത്തുന്നു | കുട്ടികളിൽ ഗണിത താത്പര്യം വളർത്തുന്ന കളികൾ ക്ലാസിൽ അവതരിപ്പിക്കുന്നു<br>കൂട്ടുകാരെ കണ്ടെത്താം<br>ബോൾ കളി<br>ബൗളിങ് കളി | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| ഗണിത കിറ്റ്<br>ELPS മുഖേന ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന് | 10 ന്റെ കെട്ടുകൾ, മഞ്ചാടി, മുത്തുകൾ, കളി നോട്ടുകൾ തുടങ്ങിയ കിറ്റുകൾ എന്നിവ എല്ലാ കുട്ടികളുടെ കൈയിലും ഉറപ്പുവരുത്തു | ജൂൺ - മാർച്ച് | ടീച്ചർ, രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| ഗണിത മാഗസിൻ ഒരുക്കൽ | ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാ, റാക്കുന്ന പ്രവർത്തനം ഗണിതപ്പാട്ട്, ഗണിത കേളി, ഗണിതശാസ്ത്രജ്ഞരുടെ ഗണിത കടങ്കഥകൾ എന്നിവ ഉൾപ്പെടുത്തുന്നു | ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ |
| ഗണിതലൈബ്രറി | ഗണിത ലൈബ്രറി സംഘടിപ്പിക്കുന്നു | ജനു വരി | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം അനായാസ കരമാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ. കുട്ടി തനിയെ ചെയ്യാൻ പ്രാപ്തരാക്കുന്നു. | ജൂൺ- ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| | ലഘു പരീക്ഷണങ്ങൾ ചെയ്യുകയും അവയെപ്പറ്റി വിശദീകരിക്കുകയും ചെയ്യുന്നു. | | " | |

STD III

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## മലയാളം

## ആമുഖം

കുട്ടികളുടെ സമഗ്രവികസനമാണ് നാം ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ള പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും

- കവിതകളും, പാട്ടുകളും, ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്) പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുന്നു.

· ലഘുവായ സർഗാത്മക രചനകൾ നടത്തും

· ക്ലാസിലെ മുഴുവൻ കുട്ടികളെയും, തെറ്റില്ലാതെ വായിക്കാനും, എഴുതാനും പഠിപ്പിക്കൽ

പ്രവർത്തന പദ്ധതികൾ

ജൂൺ- ജൂലായ് [കനകച്ചിലങ്ക]

· പ്രീടെസ്റ്റ് നടത്തുന്നു.

· അവലോകനം നടത്തൽ

· വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു

· പുറം ചുവർ പ്രദർശനം

· നാടൻപാട്ടുകൾ ശേഖരണം

· കവിതയുടെ ദൃശ്യാവിഷ്ക്കാരം

· പഴഞ്ചൊല്ലുകൾ ശേഖരണം

· കഥാശേഖരം – ക്ലാസ് ലൈബ്രറി നവീകരണം

· പതിപ്പ് നിർമ്മാണം

· കലാകാരൻമായി അഭിമുഖം

· കലാരൂപങ്ങൾ വേഷവിധാനം

· ചിത്ര ശേഖരണം - ആൽബം തയ്യാറാക്കൽ

## ആഗസ്റ്റ് - സെപ്റ്റംബർ [പലഹാരപ്പൊതി]

- കുട്ടികൾ വരച്ച ചിത്രങ്ങൾ - പുറം ചുവർ

പ്രദർശനം

- പതിപ്പ് തയ്യാറാക്കൽ
- നാടക ശിൽപശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ

ശേഖരണം

- പലഹാരമേള
- പാചകക്കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ - മാതൃകകൾ
- ഹരിതകർമ സേനാംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- CPTA

## ഒക്ടോബർ [മനുഷ്യന്റെ കൈകൾ]

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം
- കർഷകനുമായി അഭിമുഖം
- പതിപ്പ് തയ്യാറാക്കൽ

നവംബർ - ഡിസംബർ [അപ്പൂപ്പൻതാടി]

- നാടൻപാട്ട് അവതരണം, ശേഖരണം
- അനുഭവക്കുറിപ്പ് തയ്യാറാക്കൽ
- മഴച്ചിത്രങ്ങൾ
- കവിതാലാപനം
- കവിതാ രചന
- വായനക്കുറിപ്പ്
- റോൾപ്ലേ
- ഹോം ടൂർ

ജനുവരി [നമ്മളൊന്ന്]

- പാവനാടകം
- പോസ്റ്റർ രചന
- റോൾപ്ലേ
- കത്ത്
- കവിതാലാപനം

ഫെബ്രുവരി - മാർച്ച്

- അനുഭവക്കുറിപ്പ്
- കവിത ചൊല്ലൽ
- മാജിക് ഷോ അവതരണം
- കവിത, കഥ, വിവരണം തയ്യാറാക്കൽ

## പരിസരപഠനം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അറിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരൻമാരാക്കി മാറ്റുക

## ലക്ഷ്യം

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- കുട്ടികളെ വ്യക്തിശുചിത്വവും, പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും, താത്പര്യവും വളർത്തുക
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക

## പ്രവർത്തനപദ്ധതികൾ

ജൂൺ - ജൂലായ്

- പ്രീടെസ്റ്റ്
- അവലോകനം
- പ്രകൃതി നടത്തം
- വൃക്ഷത്തൈ നടീൽ

- വിവിധ തരം സസ്യങ്ങളെ പരിചയപ്പെടൽ
- ജലകങ്ങളുടെയും, പക്ഷികളുടെയും, പൂക്കളുടെയും സവിശേഷതകളും, വൈവിധ്യങ്ങളും തിരിച്ചറിഞ്ഞ് സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- പരിസ്ഥിതി ക്ലബ്ബ് രൂപീകരണം

ജൂലായ് – ആഗസ്റ്റ്

- ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിക്കുന്നു
- ജീവികളുടെ ആഹാരരീതിയും, ശാരീരിക സവിശേഷതകളും നിരീക്ഷിക്കുന്നു
- പരിസര മലിനീകരണം (ചർച്ച)
- പരിസ്ഥിതി സംരക്ഷണ മാർഗങ്ങൾ കണ്ടെത്തൽ
- ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ പരിപാലനം

ആഗസ്റ്റ് – സെപ്റ്റംബർ

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു
- ജലസ്രോതസ്സുകൾ തിരിച്ചറിയുന്നു
- ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു
- ജലസംരക്ഷണ മാർഗങ്ങൾ തിരിച്ചറിയുന്നു
- കളിമണ്ണ് കൊണ്ടു വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു
- വിവിധ തരം മണ്ണുകൾ ശേഖരിക്കുന്നു
- മണ്ണ് സംരക്ഷണ മാർഗങ്ങൾ ചർച്ച

## ഒക്ടോബർ – നവംബർ

- ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം
- ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ
- വ്യക്തിശുചിത്വം, പ്രാധാന്യം – ചർച്ച
- ഡ്രൈ – ഡേ പ്രവർത്തനങ്ങൾ
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു
- പരിസര ശുചിത്വം – നാടകം
- വിദ്യാലയ പരിസരം, ക്ലാസ്മുറി, പാചകപ്പുര, മൂത്രപ്പുര. നിരീക്ഷണം
- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു

## ഡിസംബർ – ജനുവരി

- റോഡ് നിയമങ്ങൾ, അവബോധം സൃഷ്ടിക്കൽ
- ഗ്ലോബ് നിരീക്ഷണം
- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണത്തിൽ ഏർപ്പെടുന്നു.
- കേരളം, ഇന്ത്യ ഭൂപട വായന
- 'എന്റെ കേരളം' ആൽബം തയ്യാറാക്കൽ

## ഫെബ്രുവരി – മാർച്ച്

- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു.
- പൊതു സ്ഥാപനങ്ങൾ സന്ദർശിക്കാൻ അവസരം

## ഗണിതം

### ആമുഖം

ആസ്വദിച്ചു പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളിയായും, സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ട് ഗണിതപഠനം ക്ലാസിൽ അവതരിപ്പിക്കുന്നു. കുട്ടികളുടെ താത്പര്യവും ജിജ്ഞാസയും, വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്.

### ലക്ഷ്യം

നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലക്ക് അനുസരിച്ച് പിരിച്ചെഴുതി നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ cm, m എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സെക്യിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത് അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഗുണന ചിന്തയോടൊപ്പം ഗണനചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ – ജൂലായ്

- യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയുന്നു.
- തോരണ നിർമ്മാണം, തോണിനിർമ്മാണം
- വെജിറ്റബിൾ പ്രിന്റിംഗ്
- ചതുരം, വട്ടം, ത്രികോണം രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കുന്നു.

ജൂലായ് - ആഗസ്റ്റ്

മുന്നറിവ്: രണ്ടക്കസംഖ്യകളുടെ നിർധാരണം അവർ പരിചയപ്പെട്ടിട്ടുണ്ട്.

- 1 മുതൽ 100 വരെ എഴുതിയ ടോക്കൺ നൽകുന്നു
- ഓരോ കുട്ടിക്കും ഓരോ 'കണക്കുപെട്ടി'
- കളിനോട്ടുകളുടെ നിർമ്മാണം
- 10 എണ്ണം വീതം കമ്പുകെട്ടുകൾ
- സംഖ്യാ സ്ട്രിപ്പുകൾ
- അബാക്കസ് നിർമ്മാണം
- ഗണിത ശിൽപ്പശാല
- മൂന്നക്ക സംഖ്യകളെ വിവിധ രീതിയിൽ എഴുതാൻ പരിചയപ്പെടുന്നു.

ആഗസ്റ്റ് - സെപ്റ്റംബർ

- പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം
- മൂന്നക്ക സംഖ്യകളുടെ പാറ്റേൺ
- ക്രമത്തിലാക്കൽ
- മൂന്നക്കസംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കുന്നു
- ഏറ്റവും വലിയ മൂന്നക്കസംഖ്യ, ഏറ്റവും ചെറിയ മൂന്നക്കസംഖ്യ
- വിലയിരുത്തൽ പ്രവർത്തനങ്ങൾ

ഒക്ടോബർ – നവംബർ

- സ്കെയിൽ നിർമ്മാണം
- കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം എന്നിവ സർവ്വേ നടത്തി, സെ.മീ, മീ എന്നിവ പരിചയപ്പെടുത്തുന്ന

നവംബർ – ഡിസംബർ – ജനുവരി

- 9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ ലക്ഷ്യമിടുന്ന
- ആവർത്തന സങ്കലനമാണ് ഗുണനമെന്ന വസ്തുതയിലേക്ക് എത്തുന്ന
- ഗുണന വസ്തുതാ കാർഡ്

ENGLISH

Introduction

English Text is make learning English exciting and enjoyable. It has interesting Stories, poems, Picture narratives and charming illustrations to enhance Our learning experience. Many activities are incorporated to encourage conversation and boost our Confidence in Speaking English. Our goal is to guide independent engagement with English language.

Aim

Interactive questions in the Stories and poems are crafted Stimulate Student's thinking and imagenation

- It helps learner's problem Solving quality
- It also help critical and creative thinking abilities
- To speak Read and write English with out any mistakes.

June - July

Aim

To study alphabets

Activities

- Pre-test
- Write simple words

August - September

Aim

To study - write and read simple words

activities

Circle the word from TB and read

September - October

Aim

Create more opportunities for English speaking in the class room.

Activities

Classroom Communication Should be in English, like May I drinks some water?. May I Go to bathroom?

- Hello
- Hello everyone
- Good morning
- Goodmorning everyone
- Goodmorning class
- Good afternoon everyone
- How are you?
- How are you all?
- How are you today?
- Let me take attendance etc.

Std IV

മലയാളം .

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | PTA |
| വായിക്കാം വളരാം വായനാശേഷി വളർത്തൽ | ക്ലാസ് വായന കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ്, അനുഭവിക്കണ | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ CPTA | PTA |
| എഴുതാം തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | PTA |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായത്തിനു |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ ലേഖനശേഷി വർധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | വർഷത്തിൽ ഒന്നോ രണ്ടോ തവണ | SRG ക്ലാസ്ടീച്ചർ | PTA |
| കണ്ടറിയാം കേട്ടറിയാം അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | PTA |
| രുചിഭേദം നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള, പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | വർഷത്തിലൊരിക്കൽ | SRG ക്ലാസ്ടീച്ചർ | |

| മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഓർക്കാം അഭിമാനിക്കാം സാഹിത്യകാരന്മാരുടെ ജനന- ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, പുസ്തക പരിചയം, ക്വിസ് ജീവിതരേഖ, പതിപ്പ് തയ്യാറാക്കൽ | അവസരാനുസരണം | SRG<br>Class teacher<br>CPTA | PTA |
| സർഗ്ഗോത്സവം ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ. | HM<br>SRG<br>Class teacher | PTA |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് തിയേറ്റർ സർഗാത്മക പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കൽ (skit, drama, conversation, story) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്വയം വായനക്കാരന്റെ നിർമ്മാണം - സർഗാത്മക രചനാശേഷി വികസനം വായന പരിപോഷിപ്പിക്കൽ | ക്ലാസ് തല പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുന്ന ഷെൽഫിലൂടെ ചിത്രങ്ങളും ഉൾപ്പെടുത്തി സ്വന്തം വായനാക്കുറിപ്പിലേക്ക് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ | വർഷം മുഴുവൻ | SRG<br>HM<br>Class teacher | PTA |
| ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കൽ | വായനമത്സരം, സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | ഫെബ്രുവരി<br>മാർച്ച് | SRG<br>HM<br>കൺവീനർ | PTA |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ. മൂല്യനിർണയം (ഗണിതപ്പാമ്പും ഡയസ് കളി സങ്കലനം - വ്യവകലനം (ഉപവടകളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | PTA |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതലാബ്<br>ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>Class teacher | PTA |
| ഗണിതച്ചുമർ<br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണ ശില്പശാല<br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം നിരീക്ഷണം അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രമൂല്യ ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG കൺവീനർ | PTA SSA |
| ശാസ്ത്രയാത്ര ശാസ്ത്രപഠനത്തിൽ താത്പര്യം ജനിപ്പിക്കൽ | സയൻസ് പാർക്ക് ശാസ്ത്രപ്രദർശനം | ആവശ്യാനുസരണം | HM, SRG CPTA | PTA |
| ഭൂപടനിർമ്മാണം കേരളം, ഇന്ത്യ ഭൂപട വായന, പരിചയ | ഭൂപട വായന, ഭൂപട രചന | വർഷത്തിലൊരിക്കൽ | SRG class teacher | PTA |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG കൺവീനർ | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം – പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>കൺവീനർ | PTA |
| ശാസ്ത്രമാസിക<br>ശാസ്ത്ര പഠനത്തിലെ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒരു പ്രാവശ്യം | HM<br>SRG<br>Class teacher | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

## ജി.എൽ.പി. എസ് വെളിനല്ലൂർ – അറബിക്

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പുനർനിർമ്മാണം പരശോധനം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| | നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | മുൻപിൽ പങ്കിടുന്ന രീതികൾ | |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>........................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമൊക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |